പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5530 04-07-2013- ൽ മറുപടിയ്ക്ക്

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പൂരക്കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിലെ ഏര്യം പുഴക്ക് കുറുകെ പൂരക്കടവ് (ആലക്കാട്) എന്ന സ്ഥലത്ത് റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് ചെറുകിട ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിലെ ഏര്യം പുഴക്ക് കുറുകെ പൂരക്കടവ് എന്ന സ്ഥലത്ത് റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ പ്രവർത്തി നടത്തുകയും ഡിസൈൻ അംഗീകരിക്കുന്നതിനുവേണ്ടി ഐ.ഡി.ആർ.ബി.ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ദീർഘകാലാടിസ്ഥാനത്തിലുള്ള ഇത്തരം പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നത് സർക്കാരിന്റെ നയമാണെന്നിരിക്കെ ഈ പദ്ധതി നബാർഡ് സ്കീമിലോ സർക്കാരിന്റെ ഏതെങ്കിലുമൊരു സ്കീമിലോ ഉൾപ്പെടുത്തി എത്രയും പെട്ടെന്ന് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ? | (ബി) പ്രസ്തുത പ്രവർത്തി നബാർഡ് RIDF XIII - ൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നെങ്കിലും ഡിസൈൻ ലഭ്യമാകാത്തതിനാലും RIDF XIII ന്റെ കാലഘട്ടം 31-03-2012ന് അവസാനിച്ചതിനാലും RIDF XIII ഘട്ടത്തിൽ നിന്ന് ഒഴിവാക്കണമെന്നും ഡിസൈൻ അംഗീകരിച്ചതിനുശേഷം ഇനി വരുന്ന നബാർഡിന്റെ ഏതെങ്കിലും ഘട്ടത്തിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതാണെന്നും നബാർഡിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.